**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **27-01-2026 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് സഞ്ചരിക്കുന്ന യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള സഞ്ചരിക്കുന്ന യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ആസ്ഥാനമാക്കി 2025 ഡിസംബർ 5 മുതൽ സംസ്ഥാനത്ത് ആദ്യമായി പോർട്ടബിൾ എ ബി സി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്** |
| (ബി) | ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനം മുഴുവൻ ഇതിന്റെ പ്രവർത്തനം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. നിലവിലെ സജ്ജീകരണങ്ങൾ വച്ച് നിലവിൽ 8 സർജറി വീതം ചെയ്തു വരുന്നു. സ്ഥല ലഭ്യതയില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ക്ലസ്റ്റർ ആയി തിരിച്ച് സ്വകാര്യ ഏജൻസികളുടെ (NGO) സഹായത്തോടെ പോർട്ടബിൾ എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുക വകയിരുത്തി 14-ാമത് ഫൈവ് ഇയർ പ്ലാൻ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിട്ടുണ്ട്. പദ്ധതിപ്രവർത്തനം സംസ്ഥാന വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ പോർട്ടബിൾ എ ബി സിയുടെ 7 യൂണിറ്റുകൾ 7 ജില്ലകളിലായി സ്ഥാപിക്കുന്നതിനു വേണ്ടി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.** |
| (സി) | ഇത്തരം യൂണിറ്റുകളുടെ പ്രവർത്തന ഫലമായി തെരുവുനായ ശല്യം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞു എന്നു വിശദമാക്കാമോ? | (സി) | **നിലവിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ആരംഭിച്ച മൊബൈൽ യൂണിറ്റ് ഉപയോഗിച്ച് ടി മുനിസിപ്പാലിറ്റി പരിസര പ്രദേശങ്ങളിൽ അലഞ്ഞ് തിരിയുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കാൻ സാധിച്ചു. എ ബി സി പദ്ധതി നടപ്പിലാക്കുന്നത് വഴി തെരുവ് നായ്ക്കളുടെ പ്രജനനം തടയുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ ഇതു വഴി തെരുവ് നായ്ക്കളുടെ ആക്രമണ പ്രവണതയും ഗണ്യമായി കുറയുന്നതാണ്.** |

സെക്ഷൻ ഓഫീസർ